**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത. വി. കുമാർ ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിട നിർമ്മാണം - 27 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:

1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023
3. ഈ കാര്യാലയത്തിലെ 14/06/2023 തീയതിയിലെ DWCD/1999/2023-ICDS A7 നമ്പർ ഉത്തരവ്
4. പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ

**<u>ഉത്തരവ് നം. DWCD/1999/2023-ICDSA7 തീയതി: 01-11-2024</u>**

2022-23 സാമ്പത്തിക വർഷത്തിലെ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA യുമായി സംയോജിപ്പിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ) അനുവദിച്ചും ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസനഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ ( Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 27 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട് കെട്ടിടനിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം, ധനകാര്യകമ്മീഷൻ ഫണ്ട്/തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള കമ്മറ്റി തീരുമാനം, സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും

ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ പരിഗണിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള 27 അങ്കണവാടികൾക്ക് MGNREGS പദ്ധതിയുടെ പുതുക്കിയ കോസ്റ്റ് നോംസ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ ആകെ 27 അങ്കണവാടികൾക്ക് 54,00,000/- (അൻപത്തി നാല് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന 54,00,000/- ( അൻപത്തി നാല് ലക്ഷം രൂപ ) രൂപ MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള Account no 0889104000111751 ( IFSC code IBKL 0000889) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, PFMSൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1.1 Construction of Anganwadi Centres എന്ന കംമ്പോണന്റ് കോഡിൽ നിന്നും MGNREGA മിഷൻ ഡയറക്ടറുടെ Child Agency Account ലേയ്ക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGA മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം/SOE എന്നിവ ലഭ്യമാക്കേണ്ടതുമാണ്. പ്രോഗ്രാം ആഫീസർ, സിഡിപിഒ എന്നിവർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

മിഷൻ ഡയറക്ടർ,

MGNREGS, തിരുവനന്തപുരം

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ, കണ്ണൂർ, പാലക്കാട്, കോട്ടയം, എറണാകുളം, ഇടുക്കി, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ
2. ബന്ധപ്പെട്ട സിഡിപിഒ -മാർക്ക്
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

Signed by
Priyanka G I A S
Date: 01-11-2024 10:20:21

**അനുബന്ധം**

MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുന്ന 27 അങ്കണവാടികളുടെ ലിസ്റ്റ്

**(ഉത്തരവ് നം.DWCD/1999/2023-ICDSA7 തീയതി: 01-11-2024)**

| ക്രമ നം | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | കൊല്ലം | ശാസ്താംകോട്ട | ശൂരനാട് തെക്ക് | 99 |
| 2 | കൊല്ലം | ശാസ്താംകോട്ട | ശൂരനാട് തെക്ക് | 102 |
| 3 | കൊല്ലം | ശാസ്താംകോട്ട | ശൂരനാട് തെക്ക് | 106 |
| 4 | കൊല്ലം | അഞ്ചാലുമ്മൂട് | പനയം | 56 |
| 5 | കൊല്ലം | അഞ്ചൽ | ഇടമുളയ്ക്കൽ | 91 |
| 6 | കൊല്ലം | അഞ്ചൽ | കരവാളൂർ | 21 |
| 7 | കൊല്ലം | വെട്ടിക്കവല അഡീഷണൽ | കുളക്കട | 65 |
| 8 | കൊല്ലം | വെട്ടിക്കവല അഡീഷണൽ | കുളക്കട | 66 |
| 9 | പത്തനംതിട്ട | ഇലന്തൂർ | കോഴഞ്ചേരി | 111 |
| 10 | ആലപ്പുഴ | മുതുകുളം അഡീഷണൽ | പത്തിയൂർ | 132 |
| 11 | കോട്ടയം | ഉഴവൂർ | രാമപുരം | 10 |
| 12 | കോട്ടയം | വൈക്കം | മറവൻതുരുത്ത് | 41 |
| 13 | കോട്ടയം | വൈക്കം | മറവൻതുരുത്ത് | 46 |
| 14 | കോട്ടയം | വൈക്കം | മറവൻതുരുത്ത് | 129 |
| 15 | കോട്ടയം | ഏറ്റുമാനൂർ | നീണ്ടൂർ | 97 |
| 16 | ഇടുക്കി | കട്ടപ്പന അഡീഷണൽ | ഇരട്ടയാർ | 85 |
| 17 | എറണാകുളം | അങ്കമാലി | കറുകുറ്റി | 101 |
| 18 | എറണാകുളം | പാറക്കടവ് | പുത്തൻവേലിക്കര | 40 |
| 19 | എറണാകുളം | വടവുകോട് | മുഴുവന്നൂർ | 22 |
| 20 | എറണാകുളം | അങ്കമാലി | മലയാറ്റൂർ - നീലീശ്വരം | 31 |
| 21 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 72 |
| 22 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 76 |
| 23 | തൃശ്ശൂർ | മുല്ലശ്ശേരി | മുല്ലശ്ശേരി | 46 |
| 24 | കണ്ണൂർ | തളിപ്പറമ്പ് | ചെങ്ങളായി | 32 |
| 25 | കണ്ണൂർ | കല്ല്യാശ്ശേരി അഡീഷണൽ | ഏഴോം | 46 |
| 26 | കണ്ണൂർ | എടക്കാട് | പെരളശ്ശേരി | 24 |
| 27 | കണ്ണൂർ | പേരാവൂർ | മാലൂർ | 141 |

വനിത ശിശുവികസന ഡയറക്ടർ

Signed by
Priyanka G I A S
Date: 01-11-2024 10:20:54